ശമ്പള പരിഷ്കരണത്തിലെ അപാകത പരിഹരിക്കാനുള്ള ആവശ്യം

139 (6590) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ അണ്ടർ സെക്രട്ടറിക്കു താഴെയുള്ള തസ്തികകളുടെ ശമ്പള പരിഷ്കരണത്തിലുള്ള ആവശ്യം നിരാകരിച്ചത് എന്തടിസ്ഥാനത്തിലാണ് എന്നു വ്യക്തമാക്കുമോ ;

(ബി) സെക്രട്ടേറിയറ്റ് ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിലെ അനോമലി പരിഹരിക്കണമെന്ന ആവശ്യം നിരാകരിച്ചതിനുശേഷം മറ്റ് വകുപ്പുകളിലെ ഏതെങ്കിലും തസ്തികയിലെ ശമ്പള പരിഷ്കരണ അനോമലി പരിഹരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ എന്തടിസ്ഥാനത്തിലാണ് പ്രസ്തുത തസ്തികകളിലെ അനോമലി പരിഹരിച്ചത് എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) പത്താം ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിക്കുകയും ടേംസ് ഓഫ് റഫറൻസ് അംഗീകരിക്കുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ നിലവിലുള്ള ശമ്പള സ്കെയിലുകളിൽ ഭേദഗതി വരുത്തുന്നത് അനുചിതമാണെന്നത് പരിഗണിച്ച് ഇക്കാര്യം ശമ്പള കമ്മീഷന്റെ പരിഗണനയ്ക്കായി വിടുവാൻ 26-2-2014-ലെ മന്ത്രിസഭാ യോഗം തീരുമാനിക്കുകയുണ്ടായി.

(ബി) 17-6-2014-ലെ ജി.ഒ. (എം‌എസ്.) നമ്പർ 224/14/(193)/ധന. പ്രകാരം എം.എൽ.എ.-മാരുടെ പി.എ.-മാരുടെ പ്രതിമാസ അഡീഷണൽ സ്പെഷ്യൽ അലവൻസ് 600 രൂപയിൽനിന്നും 750 രൂപയായി ഉയർത്തി നൽകിയിട്ടുണ്ട്. (അനുബന്ധം 1).*

(സി) ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷനേതാവ്, ചീഫ് വിപ്പ്, ബഹുമാനപ്പെട്ട നിയമസഭാ സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പേഴ്സണൽ സ്റ്റാഫിന്റെ അലവൻസ് വർദ്ധിപ്പിച്ച സാഹചര്യത്തിൽ എം.എൽ.എ.-മാരുടെ പി.എ.-മാരുടേയും അഡീഷണൽ സ്പെഷ്യൽ അലവൻസ് വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചു.

സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച അനോമലി പരിഹാരങ്ങൾ

140 (6591) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ചുള്ള എത്ര അനോമലി പരിഹാരങ്ങൾ തീർപ്പാക്കിയിട്ടുണ്ട് എന്നു വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയിൽ ധനകാര്യവകുപ്പ് നിരാകരിച്ച ഏതെല്ലാം കേസുകളിൽ മന്ത്രിസഭായോഗം അനുകൂല തീരുമാനം എടുത്തിട്ടുണ്ട് എന്നുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ധനവകുപ്പ് നിരാകരിച്ച ഏതെല്ലാം അനോമലി കേസുകളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അനുകൂല ശിപാർശ നൽകി ധനവകുപ്പിന് മടക്കിയിട്ടുണ്ട് എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനോമലി പരിഹരിച്ചുകൊണ്ട് 194 സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) വിവിധ യൂണിവേഴ്സിറ്റികളിലെ അസിസ്റ്റന്റ് രജിസ്ട്രാർ മുതൽ ജോയിന്റ് രജിസ്ട്രാർ വരെയുള്ള തസ്തികകളുടെ ശമ്പള സ്കെയിൽ സെക്രട്ടേറിയറ്റിലെ അണ്ടർ സെക്രട്ടറി മുതൽ ജോയിന്റ് സെക്രട്ടറി വരെയുള്ള തസ്തികകൾക്ക് സമാനമായി പരിഷ്ക്കരിക്കുന്നതിന് മന്ത്രിസഭായോഗം അനുകൂല തീരുമാനമെടുത്തിട്ടുണ്ട്.

(സി) ധനവകുപ്പ് നിരാകരിച്ച അനോമലി കേസ്സുകളിൽ ഒന്നുംതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അനുകൂല ശിപാർശ നൽകി ധനവകുപ്പിന് മടക്കിയിട്ടില്ല.

സർക്കാർ ജീവനക്കാർക്ക് ഇടക്കാലാശ്വാസം

141 (6592) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ അദ്ധ്യാപകർക്കും ജീവനക്കാർക്കും ഇടക്കാലാശ്വാസം നൽകുന്ന കീഴ്വഴക്കം നിലവിലുണ്ടോ ; എങ്കിൽ ഏതെല്ലാം വർഷങ്ങളിലാണ് ഇടക്കാലാശ്വാസം അനുവദിച്ച് നൽകിയിട്ടുള്ളത് ;

(ബി) ഇടക്കാലാശ്വാസം അനുവദിക്കുന്നതിന് നിലവിൽ സ്വീകരിച്ചിട്ടുള്ള അടിസ്ഥാന മാനദണ്ഡങ്ങൾ/കീഴ്വഴക്കങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ ;

(സി) ഇടക്കാലാശ്വാസം ആവശ്യപ്പെട്ടുകൊണ്ട് ഏതെല്ലാം സർവ്വീസ് സംഘടനകൾ/അദ്ധ്യാപക സംഘടനകൾ നിവേദനം സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) സാധനവില കുതിച്ചുകയറുന്ന സാഹചര്യത്തിലും ശമ്പള പരിഷ്ക്കരണ നടപടികൾ പൂർത്തിയാക്കാൻ കൂടുതൽ സമയം ആവശ്യമായി വന്നിരിക്കുന്ന സാഹചര്യത്തിലും ഇടക്കാലാശ്വാസം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരളത്തിലെ അദ്ധ്യാപകർക്കും ജീവനക്കാർക്കും ഇടക്കാലാശ്വാസം നൽകുന്ന കീഴ്വഴക്കം നിലവിലുണ്ട്. 1984, 1995, 2005 എന്നീ വർഷങ്ങളിലാണ് ഇടക്കാലാശ്വാസം അനുവദിച്ച് നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly